27	Shri	N. S. Krishna Pillai	40	Shri	M. Narayana Kurup
28	,,	P. Kumaran	41	,,	E. P. Poulose
29	,,	K. Kunhambu	42	,,	A. A. Rahim
30	,,	M. Kunhikannan Nambiar	43	,,	R. Raghava Menon
31	,,	N. Kunjuraman	44	,,	M. Ravindranath
32	Smt.	Kusumam	45	,,	R Sankar
33	,,	Leela Damodara Menon	46	Smt.	O. T. Sarada Krishnan
34	Shri	P. Madhavan	47	,,	K. R. Saraswathi Amm
35	,,	V. Madura	48	Shri	K. T. Thomas
36	,,	M. M. Mathai	49	,,	T. A. Thomman
37	,,	C. A. Mathew	50	,,	P. P. Ummer Koya
38	,,	T. Murugesan	51	,,	K. R. Vijayan
39	Smt.	A. Nafeesath Beevi	52	,,	K. K. Viswanathan
			53	,,	C. F. Pereira

Noes—37

1	Shri	C. Achutha Menon	21	Shri	P. K. Kunju
2	,,	P. C. Adichan	22	,,	P. V. Kunhunni Nayar
3	,,	K. Anirudhan	23	,,	P. M. Kunhiraman Nambiar
4	,,	P. Balachandra Menon	24	,,	C. M. Kutty
5	,,	C. K. Balakrishnan	25	,,	P. K. Narayanan Nambiar
6	,,	K. Bhargavan	26	,,	T. C. Narayanan Nambiar
7	,,	E. P. Eapen	27	,,	K. V. Narayanan
8	,,	E. P. Gopalan	28	,,	P. C. Raghavan Nair
9	,,	N. Gopala Kurup	29	,,	A. K. Ramankutty
10	Smt.	K. R. Gouri	30	,,	P Ramunni Kurup
11	Shri	Hamid Ali Shemnad	31	,,	T. K. Ramakrishnan
12	,,	K. Hassan Gani	32	,,	P. Ravindran
13	,,	K. V. John	33	,,	Ponnara Sreedhar
14	,,	Joseph Chazhikattu	34	,,	P. S. Srinivasan
15	,,	O. Koran	35	,,	M. M. Sundaram
16	,,	K. Krishnan	36	,,	M. V. Vasu
17	,,	M. Krishnan	37	,,	P. Viswambharan
18	,,	R. Krishnan			
19	,,	S. Kumaran			
20	,,	P. K. Kunjachan			

Neutrals—Nil

Mr. Speaker: Those for—53
Those against— 37
Neutrals—Nil.

The motion is carried.

The grant was made.

Demand No IX-Heads of States Ministers and Headquarters staff

Chief Minister (**Shri R. Sankar**): Sir, I move that a supplemen ary sum not exceeding Rs. 6,20,900 be granted under Demand IX-Heads of States, Minis ers, and Headquarte.s staff.

LIBRARY ARCHIVES Kerala Legislative Assembly

Minister for Industries and Local Administration (**Shri K. A. Damodara Menon**) : Sir, I second it.

ശ്രീ. എൻ. ഗോപാലക്കുറുപ്പ് : ഇതിൽ കാൺടാക്റ്റു അലവൻസ് ചാർജ്ജ്ഡ് എന്ന ഇനത്തിൽ 15,000 രൂപ കൊള്ളിച്ചിട്ടുണ്ട്. അതു് എന്താണെന്നു മനസ്സിലായില്ല.

ശ്രീ. ആർ. ശങ്കർ: ഗവർണ്ണർ അവർകളുടെ ഹൗസ് ഹോൾഡ് ചെലവുകൾക്കായി വന്നിട്ടുള്ള ബിൽസ് ക്ലിയർ ചെയ്യാൻവേണ്ടി കൊടുത്തിട്ടുള്ളതാണു്. ഇതു കൊടുത്തുതീർത്തതാണു്.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : സർ, മുഖ്യമന്ത്രി അവതരിപ്പിച്ചിട്ടുള്ള ഈ ഡിമാൻറിനെ ഞാൻ എതിർക്കുകയാണു്. സർ, ഈ ഡിമാൻഡിൽ വോട്ടിനു വിധേയമാകുന്ന, 6,20,900 രൂപയുണ്ടെങ്കിലും, ഈ സഭയിൽ വോട്ടിനു വിധേയമാകാത്ത ചാർജ്ജായിട്ടു കൊള്ളിച്ചിട്ടുള്ള 39,900 രൂപയും കാണുന്നുണ്ടു്. ഇതുസംബന്ധിച്ചു അപ്രോപ്രിയേഷൻ ബിൽ നാളെ ഈ സഭയിൽ വരുന്നുണ്ടു്. ഞാൻ ഇതിനെ എതിർക്കുന്നതു്, സാമ്പത്തികമായി വളരെ ദോരം സഹിക്കുന്ന നമ്മുടെ സംസ്ഥാനത്തു് അനാവശ്യമായ ചെലവുകൾ ധാരാളം വർദ്ധിച്ചുവരുന്ന ഒരു സ്ഥിതി വന്നിട്ടുണ്ടെന്നു ചൂണ്ടിക്കാണിക്കാനാണു്. സർ, ഇതിൽ ചാർജ്ജ്ഡു് ഇനത്തിൽ, 19—എ (സി) ഇൗ. പർച്ചേസ് ആഫ് മോട്ടാർ കാർ ഇനത്തിലും 19—എ (സി) അലവൻസ്, ടി. എ. ഇനത്തിലും പ്രത്യേകം തുക കൊള്ളിച്ചിട്ടുണ്ടു്. വലിയ ഒരു സംഖ്യ ഈ ഇനത്തിൽ ചെലവായതായിട്ടാണു് രേഖപ്പെടുത്തിയിരിക്കുന്നതു്.

Shri R. Sankar: Sir, may I make it clear that I have not moved any amounts coming under charged items. It is only for the other items that I have moved. Therefore I think that the discussion has to be entered on the items moved by me.

Shri T. C. Narayanan Nambiar : The Hon. Chief Minister has moved the amount which he wants to be voted. But the other amounts are also before the House. Though that amount has not to be voted, we have got every right to discuss on the amounts shown as charged.

Mr. Speaker : We will have sufficient discussion at the time of the Appropriation Bill. That will be the proper time for discussion.

ശ്രീ. ഇ. പി ഗോപാലൻ : സർ, പർട്ടിക്കുലർ ഡിമാൻഡിനെ സംബന്ധിച്ചിടത്തോളം വോട്ടുചെയ്യാറില്ലെങ്കിലും, ഇതിനെ സ്പർശിച്ചു സംസാരിക്കാമെന്നാണു് കരുതുന്നതു്.

മി. സ്പീക്കർ : ഡിസ്കഷൻ അപ്രോപ്രിയേഷൻ ബില്ലവതരിപ്പിക്കുമ്പോഴാകാം.

ശ്രീ. സി. അച്യുതമേനോൻ : ബഡ്ജറ്റു് അവതരിപ്പിക്കുന്ന അവസരത്തിലും ചാർജ്ജ്ഡായിട്ടുള്ളതിനെസംബന്ധിച്ചു് ഡിസ്കസുചെയ്യാമെന്നാണു ധാരണ. പക്ഷെ, വോട്ടുചെയ്യാറില്ല. അതിനെപ്പറ്റി അഭിപ്രായംപറയാൻ പാടില്ല എന്നു പറയുന്നതു ശരിയാണെന്നു തോന്നുന്നില്ല.

Shri T. C. Narayanan Nambiar : Sir, may I point out that under Article 203 (1) of the Constitution of India it is stated:

"So much of the estimates as relates to expenditure charged upon the Consolidated Fund of a State shall not be submitted to the vote of the Legislative Assembly, but nothing in this clause shall be construed as preventing the discussion in the Legislature of any of those estimates"

LIBRARY ARCHIVES Kerala Legislative Assembly

]Shri T. C. Narayanan Nambiar]

My submission is, even tomorrow the hon. Chief Minister is not going to submit the amount charged for the vote. But the estimates are shown in the supplementary demand. With regard to the estimates, my submission is that we have got every right to discuss and we are entitled to discuss it in the Legislature.

Mr. Speaker : That is not what the Chief Minister has moved.

ശ്രീ. ഇ. പി. ഗോപാലൻ : ബഡ്ജറിനെസംബന്ധിച്ച ജനറൽ ഡിസ്കഷൻ കഴിഞ്ഞാൽ ഓരോ അയിറ്റമായിട്ട ഡിസ്കഷൻ നടത്താറുണ്ട്. അതിന്റെ ഭാഗമായി വരുന്ന ചാർജ്ഡ് ഇനത്തെ സംബന്ധിച്ചിടത്തോളം വോട്ടചെയ്യുന്നില്ലെങ്കിലും സംസാരിക്കാറുണ്ട്. ഇവിടെ ശ്രീ. ടി. സി. പറഞ്ഞതുപോലെ ഇതിനെപ്പറ്റി സംസാരിക്കാൻ അനുവദിക്കണം, പട്ടിക്കുലർ അയിറ്റത്തെ സംബന്ധിച്ചിടത്തോളം വോട്ടചെയ്യുന്നതെന്നേയുള്ള എന്നാണ്.

ശ്രീ. ആർ. ശങ്കർ : സർ, ഞാൻ മൂവുചെയ്തിട്ടുള്ളത് ചാർജ്ഡ് അല്ലാത്ത അയിറ്റങ്ങളും ഉൾക്കൊള്ളുന്ന തുകയുള്ള ഡിമാൻഡാണ്. ഇവിടെ ഇപ്പോൾ ഡിസ്കഷൻ നടക്കുന്നത് മൂവുചെയ്തിട്ടുള്ള നെറ്റ തുകയെസംബന്ധിച്ചാണ്. ആ നിലയിൽ ചാർജ്ഡ് അയിറ്റങ്ങളും ഇതിൽ ഉൾപ്പെട്ടകയില്ല. അപ്രോപ്രിയേഷൻ ബില്ലുവരുമ്പോൾ, ഈ തുകകൂടി ചേർന്നുവരുന്ന കാര്യങ്ങളെപ്പറ്റി പറയാൻ സൗകര്യം ക്ട്ടുന്നതാണ്.

Mr. Speaker : The Chief Minister has moved only those items, excluding the charged items now referred to. So before the House there is only that motion and discussion should be restricted to the motion.

Shri. T. C. Narayanan Nambiar : Even tomorrow hon. Chief Minister will move for authorising him to appropriate the whole amount.

Mr. Speaker : No. But the whole amount will be there.

Shri E. P. Gopalan : Similarly Damand No. IV is under discussion now.

Mr. Speakar : What has been moved?

Shri K. Bhargavan : Demand No. IX has been moved here and why this particular item alone should be isolated? There is no provision for that. He has moved demand No. IX.

Shri R Sankar : It is only for a sum of Rs. 6,20,900 which excludes specifically the amount under charged item.

Shri E. P. Gopalan : But Sir, that amount forms part of demand No. IX.

Mr. Speaker : Mr. Gopalan, Hon. Chief Minister has moved only a sum of Rs. 6,20,900 and only that amonut is to be submitted to the vote of the House. The amount of Rs. 39,900 which is a charged item has not been moved. So that need not be discussed upon.

Now Mr. T. C. Narayanan Nambiar will continue his speech.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : സർ, ഇതിൽ, 19—എ (ഡി) (1)—ൽ, ടൂറിസ്റ്റ ഡിപ്പാർട്ടുമെൻറിലേക്ക്, 1,68,400 രൂപ ആവശ്യപ്പെട്ടിരിക്കുകയാണ്. ഇതിൽ പറയുന്നത്:

LIBRARY ARCHIVES Kerala Legislative Assembly

"19A (d) (i) 4-Maintenance of "State Cars and Boats" and Rs. 10,000 under "Catering and other charges". Orders have also been issued for the purchase of Seven cars for the Tourist Department (Six new Ambassador cars and one Ambassador car from the Government Engineering workshops) and funds required for the six new cars have been authorised under para 77(f) of the Budget Manual. After setting off the saving to the extent of Rs. 9,800 within the grant, the balance is proposed as supplementary grant."

എന്നാണു്. പുതിയതായി ആറു കാറുകൾ വാങ്ങേണ്ട ആവശ്യം എന്താണെന്നു് ഇതിൽനിന്നു വ്യക്തമല്ല. നമ്മുടെ സംസ്ഥാനത്തു് ഇന്നു് ആവശ്യമുള്ളിടത്തോളം കാറുകളും മറ്റു വാഹനങ്ങളും ഉണ്ടു്. മന്ത്രിമാർക്കും, അത്യാപത്തു സവാരിചെയ്യുന്നതിനു് സൗകര്യമുള്ള ആളുകൾക്കും സഞ്ചരിക്കാൻ വേണ്ടിടത്തോളം കാറുകൾ ഇപ്പോൾതന്നെ ഡിപ്പാർട്ടുമെൻറിലുണ്ടു്. ഇപ്പോൾ ഈ സംഖ്യ എന്തിനുവേണ്ടി പുതുതായി കാറുകൾ വാങ്ങാൻ ചെലവഴിച്ചു എന്നു മനസ്സിലാകുന്നില്ല. മാത്രമല്ല, നമ്മുടെ ടൂറിസ്റ്റു ഡിപ്പാർട്ടുമെൻറിൽനിന്നു് വാഹനങ്ങൾ പലതും വിറ്റുവരുന്നതായും പത്രങ്ങളിൽ കാണാറുണ്ടു്. ഡിപ്പാർട്ടുമെൻറിൽനിന്നു അങ്ങനെ കാറുകൾ വിൽക്കുകയും, പുതിയ കാറുകൾ വലിയ തുകകൊടുത്തു വാങ്ങുകയുംചെയ്യുന്ന ഒരു പരിതഃസ്ഥിതി എങ്ങനെ ഉണ്ടാകുന്നു എന്നു മനസ്സിലാകുന്നില്ല. ടൂറിസ്റ്റു ഡിപ്പാർട്ടുമെൻറിൽനിന്നു വിൽക്കപ്പെടുന്ന കാറുകൾക്കു് ഭീമമായ നഷ്ടം നേരിടുന്നുണ്ടെന്നും, അതു പ്രത്യേകമായ ഒരു അഴിമതിയായി, ചില ആളുകളെ സന്തോഷിപ്പിക്കാൻ, ചിലരെ പ്രീണിപ്പിക്കാൻ, ചിലർക്കു വലിയ ലാഭം ഉണ്ടാക്കിക്കൊടുക്കാൻ ചെയ്യുവരുന്നതായും കേൾക്കുന്നുണ്ടു്. അങ്ങനെ ഗവണ്മെൻറിനു ഭീമമായ നഷ്ടം നേരിടത്തക്കവിധത്തിൽ ഡിപ്പാർട്ടുമെൻറുവക കാറുകൾ വിൽക്കുകയും, മറുഭാഗത്തു വലിയതുകയ്ക്കു പുതിയ കാറുകൾ വാങ്ങിക്കുകയുംചെയ്യുന്നതു ഒരുതരത്തിലും അനുവദിക്കാൻ പാടില്ല. ഈ സമ്പ്രദായം ഇത്തരത്തിൽ ഒരു സപ്ലിമെൻററി ഡിമാൻഡു് അവതരിപ്പിച്ചിരിക്കുന്നതിനെ പ്രതിഷേധിക്കാതിരിക്കാൻ നിവൃത്തിയില്ല. ഇതു് അനുവദിക്കാനും, ഇതിനുവേണ്ടി വോട്ടുചെയ്യാനും ഞങ്ങൾക്കു സാധ്യമല്ല എന്നു അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

അതുപോലെ അലവൻസിനെ സംബന്ധിച്ചും ടി. എ. യെസംബന്ധിച്ചും എനിക്കു ചിലതു പറയാനുണ്ടു്. ഞാൻ മനസ്സിലാക്കിയിടത്തോളം, പ്ലാനിംഗു് പദ്ധതികളെസംബന്ധിച്ച ചർച്ചകൾക്കായി നമ്മുടെ മന്ത്രിമാരും, ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരും ദൽഹിയിൽ പോകുന്നതിനും മറ്റും ഈ ഇനത്തിൽ കുറെ ചെലവു സാധാരണമായി വരും. എന്നാൽ വൻപിച്ച തുക ദൽഹിയിൽ പോകുന്നതിനു് ഇവർ ചെലവഴിച്ചിട്ടും അതുകൊണ്ടുള്ള പ്രയോജനം വേണ്ടിടത്തോളം ഉണ്ടായിട്ടില്ലെന്നുള്ളതു ഒരു വസ്തുതയാണു്. ചെലവായിട്ടുള്ള തുകയ്ക്കു തരിച്ചു പ്രയോജനം ഉണ്ടായിട്ടില്ലെന്നുള്ളതാണു് എന്റെ ആരോപണം. ഒരു ഉദാഹരണം ചൂണ്ടിക്കാണിക്കാം. പഴശ്ശി പദ്ധതിയെസംബന്ധിച്ചു ആവശ്യമായ വസ്തുതകൾ യഥാവസരം കേന്ദ്രത്തിൽ, പ്ലാനിംഗു് കമ്മീഷനു് ഇവിടെനിന്നു ലഭിച്ചിട്ടില്ലെന്നു കാണിച്ചു് ലറ്റർ അയച്ചിട്ടുണ്ടു്. മന്ത്രിമാർ പോകുകയും വരികയും ചെയ്യുന്നെങ്കിലും, ആവശ്യമായ വിവരം യഥാവസരം നൽകാതെ ഫലപ്രദമായ നടപടി സ്വീകരിക്കാൻ നിവൃത്തിയില്ലാത്ത സാഹചര്യംകൂടി സൃഷ്ടിച്ചിട്ടുണ്ടെന്നു കാണുന്നതു ഗുരുതരമായ ഒരു കൃത്യവിലോപമല്ലേ? അതിനെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമ്പോൾ വ്യക്തമാക്കുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു. ഞാൻ ഈ ഡിമാൻറിനെ എതിർക്കുന്നു.

ശ്രീ. ജോസഫു് ചാഴിക്കാട്ടു്: സർ, ഡിമാൻഡു നമ്പർ 9—നെ ഞാൻ എതിർക്കുന്നു. ഞാൻ പ്രത്യേകിച്ചു് എതിർക്കുന്നതു്, 19—എ (ഡി) (1)—നെയാണു്. ഇതിനുമുൻപു പലപ്പോഴും ഈ സംഗതി ഞാൻ മന്ത്രിമാരുടെ ശ്രദ്ധയിൽപെടുത്തിയിട്ടുള്ളതാണു്, അവർ അതു ശ്രദ്ധിക്കാത്തതുകൊണ്ടു് വീണ്ടും പറയാൻ ആഗ്രഹിക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ജോസഫ് ചാഴിക്കാട്ട്]

ടൂറിസ്റ്റ് ഡിപ്പാർട്ടുമെൻറിലെ കെട്ടിടങ്ങളുടെ പെലവിലേക്കും മറ്റുമായി ഒരു വലിയ സംഖ്യ, 2.70,200 രൂപാ ആവശ്യപ്പെട്ടിരിക്കുകയാണ്. ഈ മന്ത്രിമാർക്കുവേണ്ടി അനാവശ്യമായി ഈ ഡിപ്പാർട്ടുമെൻറു പെലവാക്കുന്ന തുക കഴിച്ചാൽ ഈ തുക വളരെ കുറയ്ക്കാമെന്നാണ തോന്നുന്നത്. മന്ത്രിമാർ യാത്ര പുറപ്പെടുന്നതിനു ഒരാഴ്ചമുൻപേ ഞങ്ങൾക്കൊക്കെ പ്രോഗ്രാം കിട്ടാറുണ്ട്. 15 നയാപൈസയുടെ സ്റ്റാമ്പൊട്ടിച്ച് അങ്ങനെ ഒരു കവർ ഞങ്ങൾക്കു അയയ്ക്കും. അവർ ഇങ്ങനെ യാത്രചെയ്യുന്ന അവസരത്തിൽ പ്രത്യേകം ടൂറിസ്റ്റു ഡിപ്പാർട്ടുമെൻറിനു നിർദ്ദേശം കൊടുത്താൽ, രണ്ടോ, നാലോ ദിവസത്തേയ്ക്കുമാത്രം ആവശ്യമുള്ള കെട്ടിടത്തിൽ ഒരു മുറി ഒഴിച്ചിട്ടിരുന്നാൽപോരേ? ദിവസം എട്ടും, പത്തും രൂപാ വാടകകിട്ടുന്ന മുറികൾ മന്ത്രിമാരുടെ സൗകര്യത്തിനുവേണ്ടി കൊല്ലക്കാലം മുഴുവൻ ഒഴിച്ചിട്ടിരിക്കുന്നതു ശരിയാണോ, ഈ മന്ത്രിമാർക്കു ശാപദോഷം ഉണ്ടാകുകയില്ലേ, ഇങ്ങനെ രാജ്യത്തിൻറെ പൊതുമുതൽ നഷ്ടപ്പെടുത്താമോ?

ശ്രീ. ഈ. പി. ഗോപാലൻ: ഈ മുറികൾ ഇങ്ങനെ സ്ഥിരമായി ഒഴിച്ചിടുന്നതുകൊണ്ട് ചില പ്രത്യേക ഗുണം ഉണ്ടെന്നുള്ളതു അറിയാമോ?

ശ്രീ. ജോസഫ് ചാഴിക്കാട്ട്: അങ്ങനെയല്ല ഞാൻ ആലോചിക്കുന്നതു്. ഞാൻ അതുമല്ല അധ്യക്ഷപ്രതിച്ച ചിന്തിക്കുന്നില്ല. ഇതുമൂലം ഉണ്ടാകുന്ന നഷ്ടത്തെപ്പറ്റിയാണ് എൻറെ ആക്ഷേപം. അനാവശ്യമായി ഇങ്ങനെ സർക്കാർവക പണം നഷ്ടപ്പെടുത്തരുതെന്നു എത്രപറഞ്ഞിട്ടും ഇവരുടെ മനസ്സിൽ കയറുന്നില്ല. ഇനി ഞാൻ ചോദിക്കുകയാണ്, നിങ്ങൾക്കു നാണമില്ലേ ഇങ്ങനെ മുറികൾ ആണ്ടോടാണ്ടു ഒഴിച്ചിട്ടിട്ട്, ഇപ്പോൾ ടൂറിസ്റ്റുകളായി വരുന്നവർക്കു താമസിക്കാൻപോലും സ്ഥലം ഇല്ലാതെ, അവർ അലഞ്ഞുതിരിഞ്ഞു നടക്കേണ്ട ഒരു സാഹചര്യം സൃഷ്ടിക്കാൻ? ടൂറിസ്റ്റുകൾക്ക് കയറിക്കിടക്കാൻ സ്ഥലം ഇല്ലാതിരിക്കുമ്പോൾ, മന്ത്രിമാർക്കുവേണ്ടി ആണ്ടോടാണ്ടു മുറികൾ അടച്ചുസൂക്ഷിക്കുന്ന ഈ സംപ്രദായം ഒന്നവസാനിപ്പിക്കുമോ? ഈ കാരണത്താൽ ആണ്ടിൽ എഴുപതിനായിരത്തിൽപരം രൂപായാണ് സർക്കാരിനു നഷ്ടപ്പെടുന്നതു്. ഈ വസ്തുതകൾ ഞാൻ പത്രത്തിൽ എഴുതിയതു നിങ്ങൾ വായിച്ചില്ലേ? ഈ രാജ്യത്തെ ഒന്നേമുക്കാൽ കോടി ജനങ്ങളിൽനിന്നു നികുതിയായി പിരിച്ചെടുക്കുന്ന പണം, അന്യരാജ്യങ്ങളിൽനിന്നു വരുന്നവരിൽനിന്നു കിട്ടാവുന്ന പണം ഈ മുറികൾ അടച്ചിട്ടിട്ട് നഷ്ടപ്പെടുത്തുകയല്ലേ നിങ്ങൾ ചെയ്യുന്നതു്? ചില പ്പോൾ ഒരാണ്ടുമുഴുവൻ ആ മുറികൾ തുറക്കാതെ, വാവലും, പല്ലിയും, പാറ്റയും പാർക്കുന്ന ഒരവസ്ഥയിൽ അതു ഉപയോഗപ്പെടുത്താനും നിങ്ങൾ അവസരം ഉണ്ടാക്കുകയല്ലേ? ഒരു മുറിക്കു് പത്തു രൂപാവച്ചു്, 365 × 10: 3650 രൂപാവരെ സർക്കാരിനു് നഷ്ടപ്പെടുകയല്ലേ ചെയ്യുന്നതു്? ഈ കാര്യം ഞാൻ ആവർത്തിച്ചാവർത്തിച്ചു പറഞ്ഞിട്ടും നിങ്ങളുടെ തലയിൽ കയറുന്നില്ലല്ലോ. ഈ കാര്യം നിങ്ങളോടു പറയാൻ ഞാനല്ലാതെ വേറെ ആരുണ്ട്? ഒന്നരണ്ടു തവണ പറഞ്ഞിട്ടും നിങ്ങൾ അനുസരിക്കാത്തതുകൊണ്ടു മൂന്നാമതൊന്നും, നാലാമതൊന്നും തവണ പറയുകയാണ്. നിങ്ങൾക്കു നാണമില്ലേ എന്നതന്നെ ഞാൻ വീണ്ടും ചോദിക്കുകയാണ്.

മി. സ്പീക്കർ: 'നാണമില്ലേ' എന്ന പദം മി. ചാഴിക്കാടൻ കൂടെക്കൂടെ പ്രയോഗിക്കുന്നതു കേട്ടാൽ, ഡയറ അൺ പാർലമെൻറിയാണെന്നു തോന്നിപ്പോകുന്നു.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: അൺ പാർലമെൻറിയാണെന്നു തോന്നത്തക്കവിധം പറഞ്ഞാലെങ്കിലും ഇവർക്കു നാണംതോന്നട്ടേ എന്നു കരുതി. 'നാണം' എന്നു പറയുന്നതു ഒരു നല്ല വാക്കാണ്. നാണമുണ്ട്, നാണമില്ല രണ്ടും പാർലമെൻറിയാണ്.

സർ, അടുത്ത മാർച്ചു ഒന്നാം തീയതിമുതൽ മന്ത്രിമാർ ആരുംതന്നെ ഇങ്ങനെ മുറികൾ ഒഴിച്ചിടാൻ ഇടവരുത്തരുതു്. സർക്കീട്ടു പ്രോഗ്രാം ഉള്ളപ്പോൾ ഒരാഴ്ചമുൻപുതന്നെ വിവരം അറിയിച്ചു് ഒന്നോ രണ്ടോ ദിവസത്തേക്കു മു

LIBRARY ARCHIVES Kerala Legislative Assembly

ഒഴിച്ചിടാൻ ആവശ്യപ്പെടണം. അങ്ങനെ ആണ്ടോടാണ്ട് ഇന്ന മുക്കാൽ ലക്ഷത്തോളം രൂപാ നഷ്ടം വരുത്തുന്നതു് മേലാൽ ചെയ്യാതിരിക്കുമെന്നു ഞാൻ വിശ്വസിക്കുകയാണു്. അങ്ങനെ അവർ നഷ്ടം വരുത്തിക്കൊണ്ടിരുന്നതിന്റെ പേരിൽ ഞാൻ ഈ ഡിമാൻഡിനെ എതിർക്കുന്നു.

Shri Hamid Ali Shemnad : Sir, I support the Demand moved by the hon. Chief Minister. While supporting the Demand I want to say a few words regarding the Tourist Department of our State. Sir, this Touris Department has become a source of big burden to our State. We have to spend a huge sum towards this Department and the income from that, is not as satisfactory as we expect. Because of the Emergency, the execution works are in a standstill and also many of our development works. There are a lot of other important works, which are quite essential for our country's progress, have been dropped in the light of emergency. When we are not executing these progress works, it is not proper for us to spend huge sums towards this Tourist Department. Eventhough we are spending huge sums towards this Department, they are not at all useful for our Tourist Department. The various tourists coming here from different parts of India are not getting enough encouragement from the Tourist Department. The Mascot Hotal has become much costlier for our people. Of course, the foreigners may be able to come and stay in the Mascot Hotel. But as far as Indian tourists are concerned—I do not mean the common man, but a man of average income-they are not able to stay in the Mascot Hotel. The tourists coming from Bombay or Calcutta or from other different parts of India, are not getting rooms in our Rest Houses. These people are not getting sufficient encouragement and help from the Tourist Department. As has been pointed out by Shri Chazhikattu, the doors of the Rest Houses are being closed usually for the public because of the reason that these Rest Houses are reserved for the use of the Ministers That is the experience of many of us. Of course, I do not say that the rooms should not be reserved for the use of the Ministers. Tour programmes of the Ministers can be forwarded to the Tourist Department for reservation of rooms, at least a week in advance. But what is being done is that the rooms are reserved for their use throughout the year. Reserving rooms in the Rest Houses throughout the year for the use of the Ministers is quite unjust. After all the Ministers are staying in these Tourist Homes at the expense of the common man, who is paying money to Government as tax. The Government is collecting taxes like the agricultural incometax, salestax and various other taxes and this money is not meant for the use of the upper classes only. That is not quite proper. So, the rooms of the Tourist Homes should also be left open for the use of the public at large and the Ministers whenever necessary, should reserve rooms for their use at least one week in advance. That is all I want to say.

ശ്രീ. എൻ. ഗോപാലക്കുറുപ്പ് : സർ, ഈ ഡിമാൻറിൽ പ്രധാനപ്പെട്ട ഒരു ഐറ്റം സിവിൽ സെക്രട്ടറിയേറ്റിൽ ഡയറക്ടറേറ്റിനു വേണ്ടിവരുന്ന ആറു ലക്ഷത്തിലധികം രൂപയാണു്. അങ്ങനെ ഒരു ഡയറക്ടറേറ്റു സംഘടിപ്പിക്കുക ആവശ്യമാണോ എന്നുള്ളതു ഈ കാര്യത്തിൽ വളരെ സംശയമാണെന്നുള്ള സംശയം ഈ നിയമസഭയിൽതന്നെ ഉന്നയിക്കപ്പെട്ടിട്ടുണ്ടു്. അടിയന്തിരാവസ്ഥ നിലനിൽക്കുന്ന ഒരു ഘട്ടത്തിൽ എല്ലാവിധ ചെലവുകളും വെട്ടിച്ചുരുക്കണമെന്നു എല്ലാ മണ്ഡലങ്ങളിലും പ്രചാരം നടത്തിക്കൊണ്ടിരിക്കുന്ന സന്ദർഭത്തിൽതന്നെ ഒരു പ്രത്യേക ഡിപ്പാർട്ടുമെൻറു ഓർഗനൈസു ചെയ്യു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എൻ. ഗോപാലക്കുറുപ്പ്]

അതിനു മുകളിൽ ഒരു ഡയറക്ടറേറ്റു ഉണ്ടാക്കുമ്പോൾ അതു നമ്മുടെമേൽ വലിയ ഭാരമുണ്ടാക്കുമെന്നു അന്നുതന്നെ ഞങ്ങൾ പറഞ്ഞു. അന്നു മുപ്പതിനായിരം രൂപ ഇതിലേയ്ക്കു ആവശ്യപ്പെട്ടിരുന്നു. ഇപ്പോൾ ആറു ലക്ഷത്തിൽപരം ആവശ്യപ്പെടുകയാണു്. ചെലവു ചുരുക്കണമെന്നു ഒരു ഭാഗത്തു പറയുകയും ഉയർന്നസ്ഥാനങ്ങളിൽ നിൽക്കുന്നവർ ധാരാളമായി ചെലവാക്കുകയും, പ്രത്യേകിച്ചും ഉയർന്ന തസ്തികകൾ ഉണ്ടാക്കുന്ന കാര്യത്തിൽ യാതൊരു ലോപവും കൂടാതെ ചെലവാക്കുകയും ചെയ്യാം എന്നു പറയുകയും ചെയ്യുന്നതു തമ്മിൽ പൊരുത്തപ്പെടുത്താൻ എത്ര വിചാരിച്ചിട്ടും കഴിയുന്നില്ല. നമ്മുടെ രാജ്യത്തു പെറിയ ചെലവുകൾ ചെയ്യേണ്ട ആവശ്യം വന്നാൽ ഉടനെ അടിയന്തിരാവസ്ഥ വരും. ധൃതിപിടിക്കേണ്ട വലിയ കാര്യങ്ങൾ വരികയാണെങ്കിൽ അടിയന്തിരാവസ്ഥ എന്ന കാര്യമേയില്ല. എത്രയോ ചെലവുകൾ വേണ്ടാത്തതായി നടത്തുന്നുണ്ടു്. ഈ ഡയറക്ടറേറ്റു ഇപ്പോഴത്തെ സംഘടിപ്പിക്കപ്പെട്ടിട്ടില്ലായിരുന്നുവെങ്കിൽ ഈ ഗവണ്മെന്റു ആകെ വിഷമിക്കുമായിരുന്നുവോ? വിഷമിക്കുമായിരുന്നുവെന്നു എനിക്കഭിപ്രായമില്ല. അടിയന്തിരാവസ്ഥയിൽ എല്ലാവിധ ടൂറുകളും കുറയ്ക്കണമെന്നു താഴെയുള്ള ഉദ്യോഗസ്ഥന്മാരോടു പറയും. ഉന്നതസ്ഥാനത്തിരിക്കുന്ന ആളുകൾക്കു് പ്രൈമറി സ്കൂളുകൾ ഉൽഘാടനം ചെയ്യുകയാണു് ഇന്നു മുഖ്യമായിട്ടുള്ള ജോലി. ചെലവു ചുരുക്കണമെന്നു താഴെ ലവലിലുള്ള ആളുകളോടു പറയുമ്പോൾ ഭരണത്തിന്റെ ഉന്നതസ്ഥാനങ്ങളിൽ ഇരിക്കുന്നവർ സ്വയം അതു നടപ്പാക്കണം. ഉന്നതസ്ഥാനങ്ങളിലിരിക്കുന്ന ആളുകൾ പ്രൈമറി സ്കൂളുകളുടെ ഉൽഘാടനം ചെയ്യുക മുതലായ കാര്യങ്ങൾക്കു സർക്കാരിന്റെ ചെലവിൽ യാത്രചെയ്തു സ്റ്റേറ്റിന്റെ പണം ദുർവ്യയം ചെയ്യുന്നതു ശരിയല്ല. ഭരണത്തിനു തടസ്സംചെയ്തുകൊണ്ടു് രാജ്യത്തു കോളിളക്കങ്ങൾ സൃഷ്ടിക്കുന്ന കാര്യങ്ങൾ പറയുന്നതുപോലും സർക്കാർ ധനം ദുർവ്യയം ചെയ്തുകൊണ്ടാണു്. അഭിപ്രായവ്യത്യാസം ഉണ്ടാകുന്ന കാര്യങ്ങൾ, രാജ്യത്തു കോളിളക്കം ഉണ്ടാക്കുന്ന കാര്യങ്ങൾപോലും ഉന്നതസ്ഥാനത്തുനിന്നും കൈകാര്യം ചെയ്യുന്നു. കഴിഞ്ഞ ദിവസം പത്രത്തിൽവന്ന വർത്തമാനം രാഷ്ട്രീയരംഗത്തു കോളിളക്കം ഉണ്ടാക്കി. വാഴൂർ ഒരു സ്കൂൾ ഉൽഘാടനയോഗത്തിനു് സർക്കാർ ചെലവിലാണു ഉന്നതസ്ഥാനത്തിരിക്കുന്നവർ പോയതു്. ഈ സഭയിൽ ചൂടുപിടിച്ച വാഗ്വിവാദങ്ങൾ നടന്നിട്ടുള്ള രാഷ്ട്രീയകാര്യങ്ങളിൽ കോളിളക്കം ഉണ്ടാക്കിയിട്ടുള്ള ചാക്കോ സംഭവമാണു ഞാനുദ്ദേശിക്കുന്നതു്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മെമ്പർ ആരെയാണു് റഫർ ചെയ്യുന്നതു്

ശ്രീ. എൻ. ഗോപാലക്കുറുപ്പ് : ഇവിടെ ഇതിനു മുമ്പു ആഭ്യന്തരകാര്യം കൈകാര്യം ചെയ്തിരുന്ന ആഭ്യന്തരമന്ത്രിയായിരുന്ന ശ്രീമാൻ പി. ടി. ചാക്കോയെ സംബന്ധിച്ചാണു്. അദ്ദേഹം പറഞ്ഞിട്ടുള്ളതു് ആജ്ഞവബുദ്ധിയും ഭരണഘടനയ്ക്കു വിധേയത്വവുമാണു് ഒരു മന്ത്രിക്കുണ്ടായിരിക്കേണ്ട യോഗ്യത എന്നാണു്. ഈ രണ്ടു അംഗീകരിക്കപ്പെട്ട യോഗ്യതയുമുള്ള ഒരാൾ അദ്ദേഹമാണെന്നാണു് അദ്ദേഹത്തിന്റെ അഭിപ്രായം. ഈ മന്ത്രിസഭയിലുള്ള മറ്റുള്ളവർക്കീഗ്ഗുണങ്ങളില്ലെന്നാണോ? ഈ സഭയുടെയും മുഖ്യമന്ത്രിയുടെയും നിലപാടു ശരിയല്ലെന്നാണോ?

ശ്രീ. എൻ. ഗോപാലക്കുറുപ്പ് : ഞാൻ പ്രൈമറിസ്കൂൾ ഉൽഘാടനംചെയ്യണമെന്നു പറഞ്ഞതു് മുഖ്യമന്ത്രി പരവൂർ വന്നപ്പോൾ ഒരു പ്രൈമറിസ്കൂൾ വാർഷികം ഉൽഘാടനം ചെയ്തതിനെപ്പറ്റിയാണു്. ഞാൻ പറഞ്ഞതു് ഈ വിഷയങ്ങളിൽ ഇടപെടാൻ പാടില്ലാത്ത ആളുകൾ ഇടപെട്ടു ഭരണപരമായി കുഴപ്പങ്ങൾ ഉണ്ടാക്കുന്ന നടപടി നല്ലതല്ല എന്നാണു്. ചെലവുകൾ അനാവശ്യമായ ഈ കാര്യങ്ങൾക്കുവേണ്ടി ചെയ്യരുതു്. ചെലവു ചുരുക്കൽ എന്നു പറയുമ്പോൾ എത്രയോ അനാവശ്യമായ ചെലവുകൾ ഇവിടെ ഉണ്ടാക്കിയിട്ടുണ്ടു്. രാജ്യത്തിനു ഒരു ബ്യൂക്കു് കാർ ഉണ്ടായിരുന്നതു ഡിപ്രിസിയേഷൻ കുറച്ചു വെറും ബുക്ക വാല്യുവിനു ഒരാൾക്കു കൊടുക്കുക. അങ്ങനെ കൊടുത്തിട്ടു കൂടുതൽ

LIBRARY ARCHIVES Kerala Legislative Assembly

വില കൊടുത്തിട്ട മറെറാരു കാർ വാങ്ങുക. ഇങ്ങനെ ചെയ്യുമ്പോഴും യാതൊരു ഫാർമലിറ്റിയും സ്വീകരിക്കേണ്ട ആവശ്യമില്ല. ഇവിടെ ഒരു സ്റ്റേറ്റ് കെട്ടിടത്തിന്റെ ഉപയോഗശൂന്യമായ ഷെഡ് ഒരു ആറു രൂപയ്ക്കുള്ളതു് ഡിസ്പോസ് ചെയ്യണമെങ്കിൽ അതിന്റെ എല്ലാ ഫാർമലിറ്റിയും സ്വീകരിക്കാതെ നിവൃത്തിയില്ല. അങ്ങനെ എല്ലാ ഫാർമലിറ്റിയും സ്വീകരിച്ചു കഴിയുമ്പോഴത്തേയ്ക്കും ഷെഡ് ചെതുക്കും കയറി നശിച്ചുപോയിത്തീർന്നിരിക്കും. വലിയ സ്റ്റേറ്റുകൾക്കുള്ള കാറും മറ്റും ഡിസ്പോസ് ചെയ്യുന്ന അവസരത്തിൽ ഈ മാതിരി യാതൊരു ഫാർമലിറ്റിയും സ്വീകരിക്കാതെ കുറഞ്ഞ വിലയ്ക്ക് ഒരാൾക്കു കൊടുക്കുക പക്ഷേ വളരെ കൂടുതൽ വിലയ്ക്കു മറെറാരു കാർ വാങ്ങുന്നതിനു തുക അനുവദിക്കുവാൻ സംഗതിയുണ്ടാകുന്നതിനു അനുമതിക്കു വരിക. ഇതിനൊന്നും യാതൊരു ഫാർമാലിറ്റിയും നോക്കേണ്ട. കുറഞ്ഞ വിലയ്ക്ക് ആ കാർ മറെറാരാൾക്കു കൊടുക്കേണ്ട ആവശ്യം എന്തുണ്ടായി. രാജ്ഭവൻ എസ്റ്റാബ്ലിഷ്മെൻറുവക ഒരു കാർ തുച്ഛമായ വിലയ്ക്ക് മൂവായിരത്തിൽപരം രൂപയ്ക്ക് എറണാകുളത്തുള്ള മാലിക് ഗിരി എന്നൊരാൾക്കു വിറ്റതായി കേട്ടു. പിന്നീടു അയാൾ അതേ കാർ മദ്രാസിൽ കൊണ്ടുചെന്നു 50,000 രൂപയ്ക്കു വിറ്റു എന്നും കേട്ടു. ഉള്ള ഒരു കാർ കുറഞ്ഞ വിലയ്ക്കു വിൽക്കുക, പുതിയതു വാങ്ങാൻ അനുവാദത്തിനു ഈ സഭയിൽ വരിക ഇതിലെ ഔചിത്യം എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല. ഇതുപോലെ എന്തെല്ലാം അനാവശ്യമായ ചെലവുകൾ ഈ രാജ്യത്തു നടക്കുന്നുണ്ടു്. ഈ ധൂർത്തടിക്കൽ അവസാനിപ്പിക്കേണ്ടതാണു് മറെറാരു ഉദാഹരണം പറയാം. ഒരു സ്ക്രീനിന്റെ കളർ എന്തായിരിക്കണമെന്നു നിശ്ചയിക്കുവാൻ ആശുപത്രിയിലെ ഒരു അസുഖമുള്ളവരെ ഒരു ദിവസം 9 പ്രാവശ്യം ഓടുകയുണ്ടായിട്ടുണ്ടു്. ഇതെല്ലാം അനാവശ്യമായിട്ടുള്ള ചെലവല്ലയോ? പിന്നെയും ഇവിടെ വന്നു കൂടുതൽ പണം അനാവശ്യമായി ദുർവ്യയം നടത്താൻവേണ്ടി ചോദിക്കുകയാണു്. ഈ ഡിമാൻറിനെ സർവ്വശക്തിയും ഉപയോഗിച്ചു എതിർക്കുകയാണു്.

ശ്രീ. ആർ. ശങ്കർ: സർ, ഇവിടെ ഉന്നയിക്കപ്പെട്ട ആക്ഷേപങ്ങളും മുഖ്യമായും ടൂറിസ്റ്റു ഡിപ്പാർട്ടുമെൻറിന്റെ പ്രവർത്തനത്തെ ആസ്പദമാക്കിയുള്ളവയായിരുന്നു. ആ ഡിപ്പാർട്ടുമെൻറു വളരെയധികം പണം ദുർവ്യയം ചെയ്യുന്നുവെന്നുള്ളതാണു് മിക്ക ബഹുമാനപ്പെട്ട അംഗങ്ങളും ചൂണ്ടിക്കാണിച്ചതു്. അതിനു് ഉദാഹരണമായി എന്തിനാണു് ഈ ആറു പുതിയ കാറുകൾ വാങ്ങുന്നുവെന്നും ചോദിക്കുകയുണ്ടായി. ആദ്യമായി ഒരു കാര്യം പറഞ്ഞു കൊള്ളട്ടെ. വികസിച്ചുവരുന്ന ടൂറിസ്റ്റു ഡിപ്പാർട്ടുമെൻറിന്റെ ആവശ്യത്തിലേയ്ക്കു് കാറുകൾ തുടങ്ങിയ വാഹനങ്ങൾ വാങ്ങുന്നതിനു് ഒരു പ്ലാൻ പ്രൊവിഷനുണ്ടു്. എന്നു മാത്രമല്ല നമ്മുടെ സംസ്ഥാനത്തിലെ ടൂറിസ്റ്റു ഡിപ്പാർട്ടുമെൻറിൽ വെളിയിൽനിന്നു് വരുന്ന ടൂറിസ്റ്റുകൾക്കു് ആവശ്യമുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നില്ലെന്നുള്ള ആക്ഷേപമാണു് ഇന്നു് സാധാരണയായി കേൾക്കുന്നതു്. ധാരാളം പണം ചെലവു ചെയ്യാൻ സന്നദ്ധതയുള്ളവരും, ഹോളിഡേ സ്പിരിറ്റിൽ യാത്രചെയ്യുന്ന ടൂറിസ്റ്റുകളായ വിദേശികൾക്കു് കേരളത്തിൽ വന്നാൽ അവർ ഇപ്പോഴുള്ളതുപോലെ താമസിക്കാനുള്ള സൗകര്യം ഇല്ലെന്നുള്ളതാണു് ഇന്നത്തെ വലിയ പരാതി. ഇൻഡ്യയിലുള്ള ഒന്നാം ക്ലാസ് ഹോട്ടലുകളും എതെല്ലാം മോശമുണ്ടെന്നു് അന്വേഷണം നടത്തുന്നതിനുവേണ്ടി നിയമിച്ച കമ്മിറ്റി കേരളത്തിൽ വന്നപ്പോഴും, വളരെ നിരാശയോടാണു് മടങ്ങിപ്പോയിട്ടുള്ളതു്. കാരണം നമ്മുടെ നേരിട്ടു നടത്തുന്ന മസ്സറു ഹോട്ടൽപോലും ഇൻറർനാഷണൽ അടിസ്ഥാനത്തിൽ നടത്തുന്ന ഒന്നാം ക്ലാസ് ഹോട്ടലിന്റെ കൂട്ടത്തിൽ കൂടുപെടുന്നില്ല. അവരുടെ റിപ്പോർട്ടു പരസ്യമായിക്കഴിഞ്ഞാൽ സുഖസൗകര്യങ്ങളും മാത്രം പ്രത്യേകമായി ആഗ്രഹിക്കുന്ന ധനവാന്മാരായ ടൂറിസ്റ്റുകളും കേരളത്തിൽ വരികയില്ല. ടൂറിസ്റ്റുകളും വരുമ്പോൾ അവർ താമസിക്കുന്ന സ്ഥലത്തിനു് അവരിൽനിന്നും കിട്ടുന്ന വാടകയോ അവരുടെ ഭക്ഷണത്തിനു് ഈടാക്കുന്ന പാഴ്ജോ അല്ല, യഥാർത്ഥത്തിൽ ടൂറിസ്റ്റുകളും വരുന്നതുകൊണ്ടു് സംസ്ഥാനത്തിനു കിട്ടുന്ന മാനദണ്ഡം. അവർ ഇവിടെ വരുന്നതുകൊണ്ടു് ഇവിടെനിന്നും പല സാധനങ്ങളും വാങ്ങുകയും മറു പല കാര്യങ്ങൾക്കുവേണ്ടി പണം ചെലവാക്കുകയും ചെയ്യു

LIBRARY ARCHIVES Kerala Legislative Assembly

ന്നതുകൊണ്ട് അതു് രാജ്യത്തിനു പ്രയോജനകരമായിത്തീരും. അതുകൊണ്ടു് ടൂറിസ്റ്റു് വികസിപ്പിക്കുന്നതിനും അതിനാവശ്യമായ പ്രചരണങ്ങളും നടത്തുന്നതിലും പിശുക്കു് പിടിക്കുന്നതു ശരിയല്ല. ഇവിടത്തെ ഇന്നത്തെ സ്ഥിതിയാണെങ്കിൽ ഞാൻ പറയാം. ടൂറിസ്റ്റു് ഡിപ്പാർട്ടുമെൻറിൽ വരുന്നവക്കു് സുഖസൗകര്യങ്ങളോടുകൂടി യാത്രചെയ്യണമെങ്കിൽ അതിനുതക്ക സുഖസൗകര്യങ്ങളുള്ള കാറുകളൊന്നുംതന്നെ ഇവിടെയില്ല. വലിയ കാറുകളോ, വേണ്ടിടത്തോളം സൗകര്യമുള്ള കാറുകളോ തന്നെ നമ്മുടെ ടൂറിസ്റ്റു് ഡിപ്പാർട്ടുമെൻറിൽ ഇല്ല. പിന്നെ ഉള്ള പഴയ കാറുകളെല്ലാം റിപ്പയർ ചെയ്താണു് ഇപ്പോഴും ഉപയോഗിച്ചുവരുന്നതു്. പിന്നെ ഇവിടെ ഒരു ആക്ഷേപം പറഞ്ഞതു് പഴയ കാറുകളെല്ലാം ലേലം ചെയ്തിട്ടു് പുതിയ കാറുകളും വാങ്ങുന്നുവെന്നാണു്. പഴയ കാറുകളെല്ലാം ലേലം ചെയ്യുകയല്ലാതെ വേറെ നിവൃത്തിയില്ല. സാധാരണ കാറുകളും ഉപയോഗിക്കുന്നവക്കറിയാം കാറുകളും പഴയതായാൽ വിറ്റിട്ടു് പുതിയ കാറു വാങ്ങുന്നതാണു് ഏറ്റവും നല്ലതെന്നു്. സാധാരണ ഒരു കാറു് പുതിയതായി വാങ്ങി രണ്ടു കൊല്ലം ഉപയോഗിച്ചാൽ അതിൽ വല്ല അറ്റകുറ്റങ്ങളും പറ്റിയെന്നു വരും. അങ്ങനെ വരുമ്പോഴും അതു് റിപ്പയർ ചെയ്യുന്നതിനേക്കാളും വിറ്റിട്ടു് പുതിയ കാറുകളും വാങ്ങുന്നതാണു് നല്ലതു്.

ശ്രീ. എൻ. ഗോപാലകുറുപ്പു് : പഴയ കാറുകളും വിൽക്കുമ്പോൾ ടി. വി. എസ്സു് ൽ അയച്ചു് റിപ്പയർ കഴിച്ചിട്ടു് വിൽക്കണമെന്നുണ്ടോ? അതിന്റെ ആവശ്യമെന്താണു്?

ശ്രീ. ആർ. ശങ്കർ : അങ്ങനെ മെയിൻറനൻസു് ചെയ്തില്ലെങ്കിൽ അതിന്റെ സ്ക്രാപു വില പോലും കിട്ടുകയില്ല. അതുകൊണ്ടാണു് പഴയ കാറുകളും വിൽക്കുമ്പോൾ ചില മാറ്റങ്ങളും വരുത്തുന്നതു്, ഇതെല്ലാം ബഹുമാനപ്പെട്ട മെമ്പർമാക്കും അറിയാവുന്ന കാര്യങ്ങളാണു്.

ശ്രീ. കെ. ഭാർഗ്ഗവൻ : പഴയ കാറുകളെല്ലാം ഓക്ഷൻ ചെയ്യാതെയാണു് വിൽക്കുന്നതെന്നുള്ള വസ്തുത ശരിയാണോ?

ശ്രീ. ആർ. ശങ്കർ : സാധാരണ പഴയ കാറുകളും ഓക്ഷൻ ചെയ്താണു് വിൽക്കുന്നതു്. അല്ലാതെ ചെയ്തിട്ടുണ്ടോയെന്നു് എനിക്കറിവില്ല. സർ, ബ്യൂക്കു് കാറുകളും വിറ്റുകളഞ്ഞുവെന്നു് ഇവിടെ ഒരു ആരോപണം ഉണ്ടായി.

ശ്രീമതി കെ. ആർ. ഗൗരി : ഡിപ്രിസിയേഷൻ എമൗണ്ടു മാത്രം കുറച്ചിട്ടു് മൂവായിരം രൂപയ്ക്കു് ഒരു കാർ വിൽക്കുകയും അതു് വാങ്ങിയ ആൾ മദ്രാസിൽ കൊണ്ടുപോയി അതേ കാർ 50,000 രൂപയ്ക്കു് വിറ്റു എന്നും പറഞ്ഞതു് ശരിയാണോ?

ശ്രീ. ആർ. ശങ്കർ : ശ്രീ. കുറുപ്പു് അക്കാര്യം വളരെ ഉത്തരവാദിത്വത്തോടുകൂടി എഴുതിത്തരികയാണെങ്കിൽ അതിനെപ്പറ്റി അന്വേഷിക്കുകയും, അതിൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്മാരെ ശിക്ഷിക്കുകയും ചെയ്യാവുന്നതാണു്.

ശ്രീ. എൻ. ഗോപാലകുറുപ്പു് : ഞാൻ എഴുതിത്തരാം.

ശ്രീ. ആർ. ശങ്കർ : ഇവിടെയുണ്ടായിരുന്ന ബ്യൂക്കു് കാർ വിറ്റുകളഞ്ഞു എന്നു പറഞ്ഞു. അതു് ഒരു ലക്ഷ്വറി കാറാണു്. ഈ ഗവണ്മെൻറല്ല അതു് വാങ്ങിയതു്. ഒരു ഗ്യാലൻ പെട്രോൾ ഉപയോഗിച്ചാൽ ആറു മൈൽ ദൂരമേ ഓടിക്കാൻ സാധിക്കുകയുള്ളൂ. അതുകൊണ്ടു് ആ കാർ വിറ്റതു് വളരെ ബുദ്ധിപൂർവ്വമായ ഒരു കാര്യമാണു്. ഇപ്പോൾ വാങ്ങിക്കുന്ന വണ്ടികളും മുപ്പതും മുപ്പത്തിരണ്ടും മൈൽ ഓടിക്കാൻ സാധിക്കും. ഇവിടത്തെ മിനിസ്റ്റർമാർ തന്നെ ഉപയോഗിച്ചിരുന്ന വണ്ടികളും മുമ്പു ഇവിടെയിരുന്ന മിനിസ്റ്റർമാർ ഉപയോഗിച്ചിരുന്ന വലിയ വണ്ടികളാണു്. കാലക്രമേണ ആ വലിയ വണ്ടികളെല്ലാംതന്നെ മാറ്റിയിട്ടു് ഇപ്പോൾ അമ്പാസിഡർ കാറാണു്

LIBRARY ARCHIVES Kerala Legislative Assembly

മിക്കവരും ഉപയോഗിക്കുന്നതു്. ഇവിടെ പ്രൊഫസർ ഗാൽബ്രേത്തു് വന്നപ്പോഴും—അദ്ദേഹം കുറച്ചു പൊക്കം കൂടിയ ആളാണു്—അദ്ദേഹത്തെ കയറ്റിക്കൊണ്ടുപോകുന്നതിനു് ടൂറിസ്റ്റു് ഡിപ്പാർട്ടുമെൻറിൽ കാർ ഇല്ലാതിരുന്നതുകൊണ്ടു് അന്നത്തെ ചീഫു് മിനിസ്റ്റർ ഉപയോഗിച്ചിരുന്ന കാർ—ഇന്നു് ഞാൻ ഉപയോഗിക്കുന്നതു്—ആണു് വിട്ടുകൊടുത്തതു്. അങ്ങനെ വലിയ വണ്ടികളും ആവശ്യത്തിനുപോലുമില്ലാത്ത സ്ഥിതിയാണു് ഇന്നു് ടൂറിസ്റ്റു് ഡിപ്പാർട്ടുമെൻറിലുള്ളതു്. മൈസൂർ മഹാരാജാവു് കേരളത്തിൽ വന്നപ്പോഴും—അദ്ദേഹം കുറച്ചു സുഖത്തിൽ കഴിഞ്ഞിരുന്ന ആളാണു്—അദ്ദേഹത്തിനെ കയറ്റിക്കൊണ്ടുപോകുന്നതിനാവശ്യമായ കാറില്ലായിരുന്നു.

ശ്രീമതി കെ. ആർ. ഗൗരി : ഇവിടെ ടൂറിസ്റ്റുകളും വന്നാൽ അവർക്കു് സഞ്ചരിക്കുന്നതിനാവശ്യമായ ലക്ഷ്വറി കാറുകളില്ലാത്തതുകൊണ്ടാണു് ടൂറിസ്റ്റുകളും കേരളത്തിൽ വരാത്തതെന്നു് പറയുകയുണ്ടായി. എന്നാൽ പിന്നെ എന്തിനാണു് ബ്യൂക്കു് കാറുകളും വിൽക്കുന്നതു് ?

ശ്രീ. ആർ. ശങ്കർ : ഇവിടെയുണ്ടായിരുന്ന ബ്യൂക്കു് കാർ വളരെ പഴയതായിരുന്നു. ഒരു ഗ്യാലൻ പെട്രോളിനു് 6 മൈൽ ദൂരമേ ഓടിക്കാൻ സാധിക്കുകയുള്ളു. നല്ല കാറുകളാണെങ്കിൽ ഇരുപതും, ഇരുപത്തിനാലും മൈൽ ഓടിക്കാൻ സാധിക്കും. ഷവർലേ മുതലായ അമേരിക്കൻ കാറുകളും വാങ്ങാനാണു് നിശ്ചയിച്ചിട്ടുള്ളതു്. ഇവിടെ ഉണ്ടായിരുന്ന ബ്യൂക്കു് കാർ വെളിയിലിറക്കാതെ ഗ്യാരേജിൽ തന്നെ ഇട്ടിരിക്കുകയാണു് ചെയ്തിരുന്നതു്. ഇക്കാര്യത്തിൽ ഗവണ്മെൻറു വളരെ കരുതലോടുകൂടി മാത്രമേ പ്രവർത്തിച്ചിട്ടുള്ളു. ഏതായാലും ടൂറിസ്റ്റു ഡിപ്പാർട്ടുമെൻറിൻെറ കാര്യത്തിൽ വളരെ പിശുക്കു് കാണിക്കുന്നതു് ശരിയല്ല.

പിന്നെ ശ്രീ. ചാഴിക്കാട്ടു് ഉന്നിയും ഉറപ്പിച്ചും പറഞ്ഞ ഒരു കാര്യം ടൂറിസ്റ്റു ബംഗ്ലാവിൽ മിനിസ്റ്റർമാർക്കു് താമസിക്കുന്നതിനുവേണ്ടി ഓരോ മുറി സ്ഥിരമായി ഒഴിച്ചിട്ടിരിക്കുകയാണെന്നാണു്. ഇത്തു് പുതിയതായി ഈ മന്ത്രിസഭ കൊണ്ടുവന്ന ഏർപ്പാടല്ല. മുമ്പുതന്നെ ഈ ഏർപ്പാടുണ്ടായിരുന്നു. അതു് നിറുത്തലാക്കണമെന്നു് ഗവണ്മെൻറു വിചാരിക്കുന്നില്ല. പെട്ടെന്നു് മിനിസ്റ്റർക്കു് എവിടെയെങ്കിലും പോകുമ്പോഴും ക്യാമ്പു ചെയ്യുന്നതിനു് ടൂറിസ്റ്റു ബംഗ്ലാവിൽ ഒരു മുറി ഒഴിച്ചിട്ടിരിക്കുന്നതു് നല്ലതാണു്. അല്ലാതെ ഹോട്ടലുകളിൽ മുറികൾ അന്വേഷിച്ചു് പോകുന്നതു് ശരിയല്ല, സാധിക്കുകയുമില്ല. അങ്ങിനെ ഒരു മുറിയില്ലാതിരിക്കുന്നതു് ഒരു മിനിസ്റ്റരെ സംബന്ധിച്ചിടത്തോളം എത്രത്തോളം 'റിഡിക്കുലസ്' ആണെന്നുള്ളതിനു് ഞാൻ അനുഭവസ്ഥനാണു്. ആ മുറി വളരെ അത്യാവശ്യമാണെന്നുണ്ടെങ്കിൽ അതു് ചോദിച്ചിട്ടു് മാറ്റു വല്ലവർക്കും കൊടുക്കുന്നതിനു് വ്യവസ്ഥയുണ്ടു്.

ശ്രീമതി കെ. ആർ. ഗൗരി : രണ്ടുപേർ ഒരേ സമയത്തു് എവിടെയെങ്കിലും പോകേണ്ടിവരികയാണെങ്കിൽ ഒരു മുറി ഒഴിച്ചിട്ടിരുന്നാൽ മതിയോ ?

ശ്രീ. ആർ. ശങ്കർ : അങ്ങനെ വരികയില്ല. എനിക്കു് ഇടയിടെ ഏറണാകുളത്തു് ഒരു കാര്യത്തിനുവേണ്ടി അപ്പോഴും പോകേണ്ടിവന്നു. ഞാൻ അവിടെ പോകാൻ കാരണം, വെളിയിൽനിന്നും അവിടെ കുറെ ആളുകൾ വന്നിട്ടുണ്ടെന്നും, അവർക്കു് എന്നോടു സംസാരിക്കണമെന്നും പറഞ്ഞതുകൊണ്ടാണു്. ഞാൻ ഏറണാകുളത്തു് റെസ്റ്റുഹൗസിൽവച്ചു് അവരെ മീറ്റു ചെയ്യുകൊള്ളാമെന്നു് മറുപടി കൊടുക്കുകയും ചെയ്തു. അതനുസരിച്ചു് ഞാൻ റെസ്റ്റുഹൗസിൽ ചെന്നപ്പോഴും അവിടെ ഒരു മുറിയും ഒഴിഞ്ഞതു് ഇല്ല. അവിടത്തെ കളിമുറിയിൽക്കൂടി പോകാൻ നിവൃത്തിയില്ലാതെ അവിടത്തെ ലൗഞ്ചിൽ ആറു മണിക്കൂർ നേരം കഴിച്ചുകൂട്ടേണ്ടിവന്നു. അവിടെവച്ചാണു് അവരുമായി സംഭാഷണം നടത്തിയതു്, മുറിയില്ലെന്നുള്ള വിവരം അവരെ അറിയിച്ചിട്ടില്ല. മിനിസ്റ്റർമാർക്കു് രാജ്യകാര്യങ്ങളും നോക്കുന്നതിനും ഒരുവിധം അന്തസ്സായ രീതിയിൽ കാര്യങ്ങളും നടത്തുന്നതിനുമുള്ള സൗകര്യങ്ങളും ഉണ്ടായിരിക്കേണ്ടതാണു്. ഇതെല്ലാം വലിയ ചെലവുകളാണെന്നു് ശ്രീ. ചാഴിക്കാടനെപ്പോലെയുള്ളവർ പറയരുതു്.

LIBRARY ARCHIVES Kerala Legislative Assembly

പിന്നെ ഇവിടെ ഉന്നയിച്ച മറെറാരു കാര്യം ആവശ്യമില്ലാതെ വളരെ അധികം തസ്തികകളും സൃഷ്ടിക്കുന്നുവെന്നാണു്. മാത്രമല്ല ഈ എമർജൻസിയാ യിരിക്കുന്ന കാലഘട്ടത്തിൽപോലും ചെലവു കൂട്ടുന്നതിനുള്ള തസ്തികകളും സൃഷ്ടിക്കുന്നുവെന്നാണു്. എമർജൻസിയിലായാൽ പോലും ചില തസ്തിക കളുള്ളതു് സൃഷ്ടിക്കേണ്ടതായിട്ടുവരും. ഇക്കാര്യത്തിൽ ഗവണ്മെൻറിന്റെ ഭാഗത്തുനിന്നും വളരെ ചെലവു ചുരുക്കുന്ന നടപടികളും സ്വീകരിച്ചിട്ടുണ്ടു്. എന്തായാലും വളരെ കരുതലോടുകൂടി മാത്രമേ ഇക്കാര്യത്തിൽ ഗവണ്മെൻറിൽ നിന്നും പ്രവർത്തിക്കുകയുള്ളു.

പിന്നെ ശ്രീ ഗോപാലക്കുറുപ്പു് ഇവിടെ പറയുകയുണ്ടായി, ചീഫ് മിനിസ്റ്റർ ഒരു പ്രൈമറി സ്കൂൾ ഉൽഘാടനം ചെയ്യാൻ പോയിയെന്നു്. ചീഫ് മിനിസ്റ്റർ ഒരു പ്രൈമറി സ്കൂൾ അല്ല ഒന്നിലധികം പ്രൈമറി സ്കൂളുകൾ ഉൽഘാടനം ചെയ്തിട്ടുണ്ടു്. മിനിസ്റ്റർമാർ കഴിയുന്നതും ജനങ്ങളുമായി സമ്പർക്കം പുലർത്തേണ്ടവരാണു്. അങ്ങനെ എല്ലാ പ്രദേശത്തുമുള്ള കാര്യങ്ങളും മനസ്സിലാക്കിയിരിക്കേണ്ടതാവശ്യമാണു്. അതിനുവേണ്ടി ചെറിയ ചെറിയ പരിപാടികളിൽ പങ്കെടുക്കാൻ സാധിച്ചാൽ വലിയ പ്രയോജനം ഉണ്ടാകുന്നതാണു്.

ശ്രീ. എൻ. ഗോപാലക്കുറുപ്പു് : മുഖ്യമന്ത്രി പ്രൈമറി സ്കൂളുകളും ഉൽഘാടനത്തിനു പോയാൽ പിന്നെ ഞങ്ങളും എന്തു് ഉൽഘാടനം ചെയ്യാനാണു പോകേണ്ടതു് ?

ശ്രീ. ആർ. ശങ്കർ : ബഹുമാനപ്പെട്ട മെമ്പറന്മാർ ഹൈസ്കൂളുകളും കോളേജുകളും ഉൽഘാടനം ചെയ്യണമെന്നാണു് ഞങ്ങളുടെ ആഗ്രഹം.

ശ്രീ. ഈ. പി. ഗോപാലൻ : കോളേജുകളും ഹൈസ്കൂളുകളുമെല്ലാം ഉൽഘാടനം ചെയ്തിട്ടുള്ളതു് മന്ത്രിമാർ പ്രൈമറി സ്കൂളുകളും ഉൽഘാടനം ചെയ്യാൻ വരുന്നതു്.

ശ്രീ. ആർ. ശങ്കർ : പ്രൈമറി സ്കൂളുകളും, ഹൈസ്കൂളുകളും, കോളേജുകളുമെല്ലാംതന്നെ ഒരേവിധത്തിലുള്ള എഡ്യൂക്കേഷൻ സ്ഥാപനങ്ങളാണെന്നാണു് ജനാധിപത്യത്തിൽ വിശ്വസിക്കുന്ന എല്ലാവരും കരുതുന്നതു്.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : മിനിസ്റ്റർമാർ പങ്കെടുക്കുന്ന സമ്മേളനത്തിൽ അതിനടുത്തുള്ള എം. എൽ. എ. മാരെക്കൂടി പങ്കെടുപ്പിക്കുന്നതിനുള്ള ഏർപ്പാടുകളും ചെയ്യുമോ ?

ശ്രീ. ആർ. ശങ്കർ : സർ, ഞാൻ ഇനി ഇതിനെപ്പറ്റി കൂടുതൽ പറയണമെന്നു വിചാരിക്കുന്നില്ല. വളരെ ശക്തമായ രീതിയിലും വളരെ ശബ്ദത്തോടുകൂടിയും ഇവിടെ പലരും ഇതിനെപ്പറ്റി ആക്ഷേപം പറഞ്ഞുവെങ്കിലും ഇതിനെപ്പറ്റി ആക്ഷേപം വലിയ ആക്ഷേപമില്ലെന്നു തോന്നുന്നു. ഈ ഡിമാൻറു സഭ പാസ്സാക്കിത്തരണമെന്നഭ്യർത്ഥിച്ചുകൊള്ളുന്നു.

The question that a supplementary sum not exceeding Rs. 6,20,900 be granted under Demand IX—Heads of States, Ministers and Headquarters Staff was put and carried.

The grant was made.

Demand XXVII—Industries and Demand XLV—Capital Outlay on Industrial Development

Minister for Industries (**Shri K. A. Damodara Menon**) Sir, I move that a supplementary sum not exceeding Rs. 2,07,300 be granted under Demand XXVII—Industries. Sir, I also move that a supplementary sum not exceeding Rs. 13,62,800 be granted under Demand XLV—Capital Outlay on Industrial Development.

LIBRARY ARCHIVES Kerala Legislative Assembly